**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1775**

**10.03.2020 ൽ മറുപടിക്ക്**

## താനൂരിൽ പോലീസ് കൺട്രോൾ റൂം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ താനൂരിന് അനുവദിച്ച പോലീസ് കൺട്രോൾ റൂം താനൂരിൽത്തന്നെ ആരംഭിക്കണം എന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | എ) ബഹു. കേരള ഹൈക്കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം താനൂർ സർക്കിൾ ഓഫീസിന്റെ റിപ്പയർ വർക്ക് പൂർത്തീകരിച്ച് താനൂർ കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന് ബഹു.കേരള ഹൈക്കോടതി 13.01.2020 ന് ഉത്തരവായിട്ടുണ്ട്. |
| ബി) സുരക്ഷയും താനൂരിലെ സംഘർഷ സാധ്യതയും കണക്കിലെടുത്ത് താനൂരിന് അനുവദിച്ച പോലീസ് കൺട്രോൾ റൂമിന്റെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കുമോ;<br><br>സി) താനൂർ ഒരു പ്രശ്നബാധിത മേഖലയാണെന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, ഹൈക്കോടതി നിർദ്ദേശപ്രകാരം പോലീസ് കൺട്രോൾ റൂം താനൂരിൽ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ബി) യും സി) യും താനൂർ കൺട്രോൾ റൂമിന് ആവശ്യമായ കെട്ടിടം ലഭ്യമാകാത്തതിനാൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പുതുതായി നിർമ്മിച്ച Tirur Modern Public Response Facilitating Centre (Control Room) -ൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനാൽ താനൂർ കൺട്രോൾ റൂമിന് അനുവദിച്ച അംഗബലം താൽക്കാലികമായി തിരൂർ കൺട്രോൾ റൂമിലേക്ക് മാറ്റുകയും അവിടെ പ്രവർത്തിച്ച് വരികയും ചെയ്യുന്നു. തിരൂരിന്റെ സമീപ പ്രദേശമായ താനൂരിൽ കൺട്രോൾ റൂം വാഹനങ്ങളുടെ പട്രോളിംഗ് സേവനവും ലഭ്യമാക്കുന്നുണ്ട്. |

താനൂർ കൺട്രോൾ റൂമിനായി താനൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ പഴയ സർക്കിൾ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ടി കെട്ടിട നവീകരണം പൂർത്തിയാകുന്ന മുറയ്ക്ക് തിരൂർ കൺട്രോൾ റൂമിലേക്ക് മാറ്റപ്പെട്ട താനൂർ കൺട്രോൾ റൂമിന്റെ അംഗബലം തിരികെ കൊണ്ടുവന്ന് താനൂർ കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ